ചികിത്സാ പിഴവുകൾ

47(745) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സർക്കാർ ആശുപത്രികളിൽ ചികിത്സ യഥാസമയം ലഭിക്കാത്തതുമൂലവും സർക്കാർ ആശുപത്രികളിലെ ചികിത്സാ പിഴവുകൾമൂലവും മരണപ്പെട്ടതും അംഗവൈകല്യം സംഭവിച്ചതും എത്ര പേർക്കാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിനുള്ളിൽ നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും പൂർണ്ണ ഗർഭിണിയായിരിക്കെയും എത്ര പേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും പിഴവുവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാനുമായി ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും നടപടികൾക്ക് വിധേയരായ ഡോക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അംഗവൈകല്യം സംഭവിച്ചവർക്കും ഈ സർക്കാർ എന്തെങ്കിലും സഹായം നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്; ആർക്കൊക്കെയാണ് ആയത് നല്കിയിട്ടുള്ളത്; എന്തുതുകയുടെ ധനസഹായമാണ് ആരോഗ്യ വകുപ്പ് നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിനുള്ളിൽ നാളിതുവരെ സർക്കാർ ആശുപത്രിയിൽ തിമിര ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടവർ എത്ര; അവർ ആരെല്ലാം; ഇവർക്ക് എന്തൊക്കെ ധനസഹായം നൽകിയിട്ടുണ്ട്; ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഇത്തരം ചികിത്സ നടത്തി കാഴ്ചശക്തി നഷ്ടപ്പെട്ടത്; ഇതുമായി ബന്ധപ്പെട്ട് ഡോക്ടർമാർ ഉൾപ്പെടെ എത്ര സ്ഥാനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു; അവർ ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇക്കാലയളവിനുള്ളിൽ നാളിതുവരെ സർക്കാർ ആശുപത്രിയിൽ ഓപ്പറേഷൻ തിയ്യേറ്റർ സമയം മാറ്റി മറ്റു സമയങ്ങളിൽ ഓപ്പറേഷൻ നടത്തിയ എത്ര ഡോക്ടർമാരുണ്ട്; അവർ ആരെല്ലാം; ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഇത് നടന്നിട്ടുള്ളത്; ഇത്തരം ഓപ്പറേഷൻ നടത്തിയ ഡോക്ടർമാർക്കെതിരെയും സ്ഥാപനങ്ങൾക്കെതിരെയും എന്ത് നടപടികൾ സ്വീകരിച്ചു; ഓപ്പറേഷന് വിധേയരായവർ എത്ര; അവർ ആരെല്ലാം; ഇവർക്ക എന്തൊക്കെ ധനസഹായം നൽകി; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 16 പേർ (മരണപ്പെട്ടവർ - 9, അംഗവൈകല്യം സംഭവിച്ചവർ - 7).

(ബി) 950 പേർ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ പിഴവുമൂലം മരണമടഞ്ഞതെന്ന് തെളിയിക്കുന്നതിനായി ജില്ലാതല എക്സ്പെർട്ട് പാനൽ 16-6-2008-ലെ 73304/എസ്.എസ്.ബി3/2007/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം നിലവിലുണ്ട്. ആയതിൻ പ്രകാരം

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൺവീനർ
2. ജില്ലാ ഗവൺമെന്റ് പ്ലീഡർ/പബ്ലിക് പ്രോസിക്യൂട്ടർ
3. സീനിയർ ഡോക്ടർ (അതാത് സ്പെഷ്യാലിറ്റിയിലെ ജില്ലാ മെഡിക്കൽ ഓഫീസർ നോമിനേറ്റ് ചെയ്യുന്നു).
4. ഫോറൻസിക് എക്സ്പെർട്ട് (ഏറ്റവും അടുത്തുള്ള മെഡിക്കൽ കോളേജ് എന്നിവരെ ജില്ലാതല എക്സ്പെർട്ട് പാനലിലും.

മേൽ ജില്ലാതല എക്സ്പെർട്ട് പാനലിൽ തീരുമാനത്തിൽ എത്താതിരുന്നാൽ സംസ്ഥാനതല അപ്പീൽ ബോഡിക്ക് മേൽ കേസുകൾ റഫർ ചെയ്യുകയും പ്രസ്തുത അപ്പീൽ ബോഡിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ (കൺവീനർ), ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), അഡിഷണൽ ഡയറക്ടർ (വിജിലൻസ്), ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവർ അംഗങ്ങളായ കമ്മിറ്റി പരിശോധിക്കുകയും മേൽ അപ്പീൽ ബോഡിക്ക് സഹകാര്യ സ്പെഷ്യലിസ്റ്റുകളുടെ വിദഗ്ധ ഉപദേശം തേടാവുന്നതുമാണ്. നിലവിൽ ജില്ലാതലത്തിൽ ചികിത്സാപിഴവുമായി ബന്ധപ്പെട്ട നിരവധി പരാതികൾ ലഭിക്കാറുണ്ട്. ചികിത്സാ പിഴവുണ്ടെന്ന് അന്തിമമായി തീരുമാനിക്കുന്നത് അപ്പീൽ ബോഡി തീരുമാനമനുസരിച്ചും കോടതികളുടെ അന്തിമ തീരുമാനത്തിന് വിധേയവുമായാണ്.

(ഡി) ഉണ്ട്. 3 പേർക്ക്.

1. കൊല്ലം ജില്ലയിൽ മരണമടഞ്ഞ സുധയുടെ കുടുംബത്തിന് - 3 ലക്ഷം രൂപ.
2. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിൽ വി. വി. അനിത മരണപ്പെട്ടതിൽ - 1 ലക്ഷം രൂപ.
3. നെന്മാറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽവച്ച് മരിച്ച കൃഷ്ണൻകുട്ടിയുടെ കുടുംബത്തിന് - 5 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 5 പേർ. വിജയലക്ഷ്മി. രാജൻ. തങ്ക. ബാലൻ. കുട്ടപ്പൻ. തിമിര ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടവർക്ക് ആരോഗ്യ വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടില്ല. കുന്ദംകുളം താലൂക്കാശുപത്രിയിൽ ചികിത്സ നടത്തിയതിൽ കാഴ്ചശക്തി നഷ്ടപ്പെട്ടിട്ടുണ്ട്. ഡോക്ടർമാർ ഉൾപ്പെടെ താഴെപ്പറയുന്ന 14 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ഡോ. പ്രദീപ് കുമാർ. 2. ഡോ. രേഖ. 3. ഡോ. രാജ്പോൾ പനയിതൻ. 4. ശ്രീമതി സത്യഭാമ (നഴ്സിംഗ് സൂപ്രണ്ട്) 5. ശ്രീമതി എൻ. രമണി (സ്റ്റാഫ് നഴ്സ്) 6. ശ്രീമതി റീന എം. ജോസ് (നഴ്സിംഗ് അസിസ്റ്റന്റ്) 7. ശ്രീമതി ഗീത റ്റി. വി. (നഴ്സിംഗ് അസിസ്റ്റന്റ്) 8. ശ്രീമതി ജയശ്രീ (നഴ്സിംഗ് അസിസ്റ്റന്റ്) 9. ശ്രീമതി സുഷ (സ്റ്റാഫ് നഴ്സ്) 10. ശ്രീമതി അമ്മിണി അമ്മ (സ്റ്റാഫ് നഴ്സ്) 11. ശ്രീ. നസീം ഹുസൈൻ (സ്റ്റാഫ് നഴ്സ്) 12. ശ്രീമതി ശാന്ത കെ. ജെ. (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2) 13. ശ്രീമതി സുഭദ്ര (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2) 14. ശ്രീമതി സുജ സി. കെ. (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2).

(എഫ്) ആരോഗ്യ വകുപ്പിൽ ഇക്കാലയളവിനുള്ളിൽ ഉത്തരം സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

താലൂക്കാശുപത്രിയുടെ വികസനം

48(746) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-2-2011ൽ താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ട അങ്കമാലി സർക്കാർ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശത്തിൻമേൽ കഴിഞ്ഞ നാലുവർഷമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അങ്കമാലിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നതും ആറുകണക്കിന് സാധാരണക്കാരായ രോഗികൾ ദിനംപ്രതി ആശ്രയിക്കുന്നതുമായ പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി താലൂക്കാശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും പ്രൊപ്പോസൽ പൂർണ്ണമല്ലാതിരുന്നതിനാൽ അധിക വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly